Std. 5 - Chapter 3 - Revision - Main points

## പാഠം 3: ഇസ്രായേലിന്റെ തെരഞ്ഞെടുപ്പ്

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | ദൈവത്തിന്റെ വാഗ്ദാനപ്രകാരം അബ്രാഹത്തിനു ജനിച്ച പുത്രൻ: | ഇസഹാക്ക്. |
| 2 | ഇസഹാക്കിന്റെ ഭാര്യ : | റബേക്ക |
| 3 | ഇസഹാക്കിന്റെ മക്കൾ: | ഏസാവും യാക്കോബും (മൂത്തവൻ ഏസാവ് ഇളയവൻ യാക്കോബ്.) |
| 4 | "രണ്ടു വംശങ്ങളാണ് നിന്റെ ഉദരത്തിലുള്ളത്. നിന്നിൽനിന്നു പിറക്കുന്നവർ രണ്ടു ജനതകളായി പിരിയും. ഒന്ന് മറ്റേതിനെക്കാൾ ശക്തമായിരിക്കും. മൂത്തവൻ ഇളയവനു ദാസ്യവൃത്തി ചെയ്യും "(ഉൽപത്തി 25:23). സന്ദർഭം വിശദമാക്കുക. | യാക്കോബ് ജനിക്കുംമുമ്പു കർത്താവ് റബേക്കയോട് അരുളിച്ചെയ്ത വാക്കുകളാണിവ. |
| 5 | നായാട്ടിൽ സമർത്ഥനും കൃഷിക്കാരനുമായ ഏസാവിനോടായിരുന്നു ..................... ന് കൂടുതൽ പ്രിയം. | ഇസഹാക്കിന് |
| 6 | ശാന്തനും കൂടാരങ്ങളിൽത്തന്നെ പാർത്തുപോന്നവനുമായ യാക്കോബിനോടായിരുന്നു ................... ന് കൂടുതൽ പ്രിയം. | റബേക്കയ്ക്ക് |
| 7 | കുടുംബത്തിലെ മൂത്തപുത്രനു ലഭിക്കേണ്ട പാരമ്പര്യപ്രകാരമുള്ള ജന്മാവകാശത്തിനു പറയുന്ന പേര് ? | കടിഞ്ഞൂലവകാശം. (ദൈവത്തിന്റെ വാഗ്ദാനങ്ങൾക്ക് അവകാശി കടിഞ്ഞൂൽപുത്രനായിരുന്നു.) |
| 8 | 1. ഏസാവിന് കടിഞ്ഞൂലവാകാശം നഷ്ടമായതെങ്ങനെ? | ഒരു ദിവസം ഏസാവ് വിശന്നുതളർന്ന് വയലിൽനിന്നു കയറിവന്നപ്പോൾ യാക്കോബ് പായസമുണ്ടാക്കുകയായിരുന്നു. ഏസാവ് അല്പം പായസം ചോദിച്ചു. അപ്പോൾ യാക്കോബ് കടിഞ്ഞൂലവകാശം പകരമായി ആവശ്യപ്പെട്ടു. കടിഞ്ഞൂലവകാശം കൊണ്ട് തനിക്കെന്താണു പ്രയോജനമെന്നു വിചാരിച്ചുകൊണ്ട് ഏസാവ് തന്റെ കടിഞ്ഞൂലവകാശം യാക്കോബിന് നൽകുന്നതായി ശപഥം ചെയ്തു. പ്രതിഫലമായി ഒരു പാത്രം പായസം വാങ്ങിക്കഴിക്കുകയും ചെയ്തു. അങ്ങനെ ഏസാവ് തന്റെ കടിഞ്ഞൂലവകാശം നിസ്സാരമായിക്കരുതി യാക്കോബിനു വിറ്റു. |
| 9 | 2. ഇസഹാക്ക് യാക്കോബിനെ അനുഗ്രഹിച്ചുകൊണ്ട് പറഞ്ഞതെന്ത്? | ആകാശത്തിൻെറ മഞ്ഞും ഭൂമിയുടെ ഫലപുഷ്ഠിയും ദൈവം നിനക്കു നൽകട്ടെ! ധാന്യവും വീഞ്ഞും സമൃദ്ധമാവട്ടെ! ജനതകൾ നിനക്കു സേവ ചെയ്യട്ടെ! രാജ്യങ്ങൾ നിൻെറ മുമ്പിൽ തലകുനിക്കട്ടെ! നിൻെറ സഹോദരർക്കു നീ നാഥനായിരിക്കുക! നിൻെറ അമ്മയുടെ പുത്രൻമാർ നിൻെറ മുൻപിൽ തല കുനിക്കട്ടെ! നിന്നെ ശപിക്കുന്നവൻ ശപ്തനും അനുഗ്രഹിക്കുന്നവൻ അനുഗൃഹീതനുമാകട്ടെ! (ഉൽപത്തി 27:28–29). |
| 10 | 3.. ബഥേൽ എന്ന വാക്കിന്റെ അർത്ഥമെന്ത്? | ദൈവത്തിന്റെ ഭവനം എന്നാണ് ഇതിന്റെ അർത്ഥം. |

| | | |
|---|---|---|
| 11 | യാക്കോബ് ഹാരാനിൽ റബേക്കായുടെ സഹോദരനായ ......... ത്ത് ......... വർഷം താമസിച്ചു. | **ലാബാനോടൊത്ത്, പതിനാലുവർഷം** |
| 12 | 12. യാക്കോബിന്റെ ഭാര്യമാർ: | **ലയാ, റാഹേൽ എന്നിവർ** |
| 13 | 13. ഹാരാനിൽ നിന്ന് ഏസാവിന്റെ പക്കലേയ്ക്കുള്ള യാത്രയ്ക്കിടയിൽ ............. എന്ന അരുവിയുടെ തീരത്തുവച്ച് യാക്കോബിന് അസാധാരണമായ ഒരു അനുഭവം ഉണ്ടായി. | **യാബോക്ക്** |
| 14 | 4. ദൈവവുമായുള്ള മൽപിടുത്തത്തിനു ശേഷം യാക്കോബിനു ലഭിച്ച പേരെന്ത്? | **ഇസ്രായേൽ** |
| 15 | 15. യാക്കോബിന്റെ സന്തതിപരമ്പരകളെ വിളിക്കുന്ന പേര്: | **ഇസ്രായേൽ ജനത** |
| 16 | 16(5). യാക്കോബിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നതെന്ത്? ? | **മനുഷ്യദൃഷ്ടിയിൽ തിന്മയാണെന്നു തോന്നുന്ന അനുഭവങ്ങളിൽ നിന്നുപോലും നന്മ ഉളവാക്കാൻ കഴിയുന്നതാണ് ദൈവത്തിന്റെ രക്ഷാകരപദ്ധതിയെന്ന് യാക്കോബിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.** |
| 17 | ഉൽപത്തി 28:15 എഴുതുക. | **“ഇതാ ഞാൻ നിന്നോടുകൂടെയുണ്ട്. നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തുരക്ഷിക്കും. ”** |